**ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ**

റെഡ്ക്രോസ് റോഡ്, വഞ്ചിയൂർ പി ഒ ഫോൺ : 0471 2470492

തിരുവനന്തപുരം, പിൻ 695035 ഇ മെയിൽ : phtstvpm@gmail.com

**നം.ടി.659/2021/ജി.പി.എച്ച്.ടി.എസ്** **തീയതി : 08/09/2021**

## <u>സർക്കുലർ</u>

വിഷയം : ആരോഗ്യ വകുപ്പ് - ജി.പി.എച്ച്.ടി.എസ് - ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് - റെഗുലർ/റീ-അപ്പിയറൻസ് പൊതുപരീക്ഷ 2021 - അപേക്ഷ ക്ഷണിക്കുന്നത് -സംബന്ധിച്ച് -

സൂചന : സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ.1690/2021/ആ.കു.വ തീയതി : 06/08/2021

സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1691/2020/ആ.കു.വ തീയതി : 17/09/2020

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ ഒന്നും രണ്ടും വർഷങ്ങളിലെ റെഗുലർ/റീ-അപ്പിയറൻസ് പൊതുപരീക്ഷ 2021 ഒക്ടോബർ-നവംബർ മാസങ്ങളിലായി സൂചന പ്രകാരം ഓൺലൈൻ ആയി നടത്തുവാൻ ഉദ്ദേശിക്കുന്നു. പരീക്ഷ ആരംഭിക്കുന്നതിനു മുൻപായി എല്ലാ സ്ഥാപനങ്ങളും, കോവിഡ് പശ്ചാത്തലത്തിൽ മാറ്റി വച്ചിരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കിയിട്ടുള്ള ഫീൽഡ് ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതാണ്.

പരീക്ഷക്ക് അപേക്ഷിക്കുന്നതിനുള്ള ഫീസിന്റെ വിശദശാംശങ്ങളും ഫീ ഒടുക്കേണ്ട വിധവും ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫോറം - 10/- രൂപ
2. പരീക്ഷ ഫീസ്:

   എ) റഗുലർ ഓരോ പേപ്പറിനും 150/- രൂപ വീതം,

   ബി) റീ അപ്പിയറൻസ് ഓരോ പേപ്പറിനും 200/- രൂപ വീതം
3. മാർക്ക് ലിസ്റ്റ് ഓരോ വർഷത്തിനും 50 /- രൂപ വീതം

വിദ്യാർത്ഥികൾ പരീക്ഷയുടെ അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പരീക്ഷാർത്ഥികൾ പത്താം ക്ലാസ് പരീക്ഷയുടെ ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , മുൻപ് എഴുതിയിട്ടുള്ള പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് അല്ലെങ്കിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ റിസൾട്ടുകളുടെ പ്രസക്ത പേജ് എന്നിവ അപേക്ഷയിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇത് കൂടാതെ പരീക്ഷാർത്ഥികൾ അപേക്ഷയിൽ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കേണ്ടതും അതുപോലുള്ള രണ്ട് ഫോട്ടോകൾ, പിൻവശത്ത് പരീക്ഷാർത്ഥിയുടെ പേരെഴുതി സ്ഥാപനമേധാവിയുടെ ഒപ്പും സീലും പതിപ്പിച്ച് അപേക്ഷയോടോപ്പോം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

സ്ഥാപനമേധാവികൾ റെഗുലർ വിദ്യാർത്ഥികളുടെയും റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെയും അപേക്ഷകൾ, വെവ്വേറെ ലിസ്റ്റുകൾ തയാറാക്കി തരം തിരിക്കുകയും, എല്ലാ അപേക്ഷകരുടെയും പരീക്ഷ ഫീസ് മുഴുവനായും ശേഖരിച്ച് ആയത് **സെക്രട്ടറി**

**പാരാമെഡിക്കൽ കൗൺസിൽ ന്റെ A/C No: 57036990991 IFSC : SBIN0070028** എന്ന അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. ഇങ്ങനെ ഒടുക്കുന്ന ഫീസ് തുകയുടെ ഒറിജിനൽ കൗണ്ടർഫോയിൽ ഉൾപ്പടെയുള്ള വിശദാംശങ്ങൾ പരീക്ഷാർത്ഥികളുടെ അപേക്ഷകളോടൊപ്പം 2021 സെപ്റ്റംബർ 22 ന് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാപനമേധാവി വഴി അല്ലാതെ ലഭിക്കുന്ന ഒരു അപേക്ഷയും സ്വീകരിക്കുന്നതായിരിക്കില്ല.

ഇത് കൂടാതെ, ഈ സർക്കുലറിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന **എക്സൽ** ഡാറ്റാ ടെംപ്ളേറ്റ് കൃത്യമായും പൂർണ്ണമായും പൂരിപ്പിച്ച് **എക്സൽ (Microsoft Excel) ഫയൽ ആയി തന്നെ** phtstvpm@gmail.com എന്ന മെയിലിലേക്ക് സെപ്റ്റംബർ 22 നുള്ളിൽ അയക്കേണ്ടതും ടി ഫയലിൻറെ ഒരു **Hard copy** സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി തപാൽ മുഖേന ഈ സ്ഥാപനത്തിലേക്ക് അയയ്ക്കേണ്ടതുമാണ്.

**മാർച്ച് 2020 ൽ നടത്തുവാനായി നിശ്ചയിച്ചിരുന്ന പൊതുപരീക്ഷയിൽ ഒന്നാം വർഷ റെഗുലർ, ഒന്നാം വർഷ റീ അപ്പിയറൻസ് എന്നീ പരീക്ഷകൾക്ക് മുൻപ് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികളും ഇത്തവണത്തെ പരീക്ഷക്ക് വീണ്ടും അപേക്ഷ നൽകേണ്ടതാണ്. എന്നാൽ ടി വിദ്യാർത്ഥികൾ അതേ പേപ്പറുകൾ എഴുതുന്നതിനായി വീണ്ടും പരീക്ഷ ഫീസടക്കേണ്ടതില്ല. പ്രസ്തുത വിദ്യാർത്ഥികൾ മാർച്ച് 2020 പരീക്ഷയ്ക്കായി അടച്ച ഫീസിന്റെ വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഒന്നാം വർഷ റഗുലർ/റീ അപ്പിയറൻസ് പരീക്ഷയ്ക്ക് 2020 മാർച്ചിൽ അപേക്ഷിക്കാതിരുന്ന വിദ്യാർത്ഥികൾ പുതുതായി അപേക്ഷിക്കുന്ന പക്ഷം മേൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള പരീക്ഷ ഫീസ് പൂർണ്ണമായും ഒടുക്കേണ്ടതാണ്. പരീക്ഷ ഫീസ് ഇനത്തിൽ ഒടുക്കിയ തുക യാതൊരു കാരണവശാലും റീഫണ്ട് ചെയ്യുന്നതല്ല.**

വിദ്യാർത്ഥികൾ അപേക്ഷയിൽ നൽകുന്ന വിവരങ്ങളും അനുബന്ധ എക്സൽ ഷീറ്റിൽ നൽകുന്ന വിവരങ്ങളും ഒന്ന് തന്നെയാണെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. ഇതോടോപ്പോം പ്രസിദ്ധീകരിക്കുന്ന Excel Data template കൃത്യതയോടും വ്യക്തതയോടും പൂരിപ്പിച്ച് കിട്ടേണ്ടത് ഓൺലൈൻ പരീക്ഷ നടത്തുന്നതിന് അനിവാര്യമാണ്. ആയതിനാൽ സ്ഥാപനമേധാവികൾ പ്രസ്തുത Excel Data template പൂർത്തീകരിച്ച് Excel file ആയി തിരികെ ഇമെയിൽ (phtstvpm@gmail.com) അയയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടാതാണ്. മേൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ കൃത്യമായി പാലിക്കുവാൻ ഓരോ സ്ഥാപനമേധാവിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. അപേക്ഷ ഫോം, ഡാറ്റാ ടെംപ്ളേറ്റ് എന്നിവ ഈ സർക്കുലറിനോടൊപ്പം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ https://dhs.kerala.gov.in/results-3/ എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുവാദത്തോടെ പ്രസിദ്ധീകരിക്കുന്നു.

സ്റ്റേറ്റ് നോഡൽ ഓഫീസർ

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്